ദേശാഭിമാനി
15 May 2020

ഭക്ഷ്യ സ്വയംപര്യാപ്തത

# മാതൃകയായി സിഎംഎഫ്ആർഐ

**കൊച്ചി**

സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരും ജീവനക്കാരും കുടുംബാംഗങ്ങളും പങ്കാളികളാകുന്ന സിഎംഎഫ്ആർഐ കൃഷി ലോകം ക്ലബ്ബിന്റെ നേതൃത്വത്തിൽനഗരപരിധിയിലെമൂന്നേക്കർ തരിശുനിലത്ത് കിഴങ്ങ്, പയർ, പച്ചക്കറിക്കൃഷിക്ക് തുടക്കമായി. സിഎംഎഫ്ആർഐ തേവര കസ്തൂർബാനഗറിലുള്ള പാർപ്പിട സമുച്ചയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി വി എസ് സുനിൽകുമാർ പദ്ധതിക്ക് തുടക്കംകുറിച്ചു. കൃഷിലോകം ക്ലബ്ബിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. നെല്ല് പുഴുങ്ങി ഉണക്കി കുത്തുന്ന ചെറിയ മില്ല് രൂപകൽപ്പന ചെയ്യാൻ മന്ത്രി നിർദേശിച്ചു.

സിഎംഎഫ്ആർഐക്ക് കീഴിലുള്ള എറണാകുളം കൃഷി
വിജ്ഞാന കേന്ദ്രത്തിന്റെ സാ
ങ്കേതിക പിന്തുണയോടെയാ
ണ് കൃഷി. 2500 ചുവട് കപ്പ, 350
കുറ്റിപ്പയർ, ഇടവിളകളായി മ
പച്ചക്കറികൾ, ഇഞ്ചി, മഞ്ഞ
എന്നിവയാണ് കൃഷി ചെയ്യു
ന്നത്. താൽപ്പര്യമുള്ള സ്ഥാപ
നങ്ങൾക്കും വ്യക്തികൾക്കു
കെവികെയുടെ സാങ്കേതിക
സഹായം നൽകാൻ തയ്യാറാ
ണെന്ന് സിഎംഎഫ്ആർഐ
ഡയറക്ടർ ഡോ. എ ഗോപാലകൃ
ഷ്ണൻ പറഞ്ഞു. നിലമൊരുക്കുന്ന
തിന് കെവികെയുടെ കാർഷിക
ഉപകരണങ്ങൾ ഉപയോഗപ്പെ
ടുത്താം. സാങ്കേതികസഹാ
യം ആവശ്യമുള്ളവർ 828175745
എന്ന നമ്പറിൽ ബന്ധപ്പെടുക.
വിളവെടുക്കുന്ന ഉൽപ്പന്നങ്ങ
സിഎംഎഫ്ആർഐയിൽ പ്ര
വർത്തിക്കുന്ന കെവികെയുടെ
ഫാം ഷോപ്പി വഴി വിൽക്കും.